ഏപ്രിൽ 24, 2004

## പ്രവാസികളിൽ നിന്ന് പുതിയനിക്ഷേപങ്ങൾ സ്വീകരിക്കുന്നതിൽ നിന്ന് ആർ.ബി.ഐ ചിലരെ വിലക്കുന്നു.

അംഗീകൃത ഡീലർമാരോ അംഗീകൃതബാങ്കുകളോ അല്ലാത്ത വിദേശത്തുനിന്ന് പുതിയ പണ മടവികളിലൂടെ കിട്ടുന്ന പ്രവാസി നിക്ഷേപങ്ങൾ സ്വീകരിക്കരുതെന്ന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ഇന്ന് അറിയിച്ചു. പ്രവാസികളിൽ നിന്ന് അവരുടെ പ്രവാസി എക്സ്റ്റേണൽ/വിദേശ നാണ്യ പ്രവാസി (ബാങ്കുകൾ) അക്കൗണ്ടിലേയ്ക്ക് ഡെബിറ്റ് വഴി നിക്ഷേപം സ്വീകരിക്കാനും അവർക്ക് അനുവാദമില്ല. നിലവിലുള്ള നിക്ഷേപങ്ങൾ വയ്ക്കുന്നതും സ്വന്തം കണക്ക് പുസ്തകങ്ങളിൽ പ്രത്യായനയേതരമോ പ്രത്യായനപരമോ ആയ അടിസ്ഥാനത്തിൽ പുതുക്കുന്നതും തുടരാൻ അവർക്ക് അനുവാദം ഉണ്ടായിരിക്കും. അത്തരം നിക്ഷേപങ്ങളിൽമേൽ കിട്ടുന്ന പലിശ സ്വദേശത്തേക്ക് മടക്കി അയയ്ക്കാവുന്നതുമാണ്.

പുതിയ നിർദ്ദേശങ്ങൾക്ക് ഉടനടി പ്രാബല്യമുണ്ട്. അംഗീകൃത ഡീലർമാർ/അംഗീകൃത ബാങ്കുകൾ എന്നിവയല്ലാത്ത കൂട്ടരെ പ്രവാസിനിക്ഷേപം സ്വീകരിക്കാൻ അനുവദിക്കാതിരിക്കുക എന്ന തീരുമാനം സമകാലിക സംഭവവികാസങ്ങളുടെ വെളിച്ചത്തിൽ പ്രശ്നം പുന:പരിശോധിച്ച ശേഷമാണ് കൈക്കൊണ്ടത്.

നിലവിലുള്ള ചട്ടങ്ങൾ പടി അംഗീകൃതവർത്തകർ/അംഗീകൃത ബാങ്കുകൾ എന്നിവയ്ക്ക് പുറമെ കമ്പനീസ് ആക്ട് 1956 പ്രകാരം രജിസ്റ്റർ ചെയ്ത ഒരു കമ്പനിക്കോ (റിസർവ് ബാങ്കിൽ രജിസ്റ്റർ ചെയ്ത ബാങ്കിങ്ങേതര ധനകാര്യകമ്പനിക്കടക്കം ) പാർലമെന്റ് ആക്ട് പ്രകാരമോ സംസ്ഥാന നിയമസഭയുടെ ആക്ട് പ്രകാരമോ രൂപീകൃതമാകുന്ന ഒരു കോർപ്പറേറ്റ് ബോഡിക്കോ പ്രത്യായനാടിസ്ഥാനത്തിൽ പ്രവാസികളിൽ നിന്ന് നിക്ഷേപങ്ങൾ സ്വീകരിക്കാനുള്ള അനുവാദം ഉണ്ട്; ഭാരതത്തിലെ ഒരു കമ്പനിയോ വ്യക്തി ഉടമസ്ഥതയിലുള്ള സ്ഥാപനമോ ആണെങ്കിൽ പ്രത്യായനയേതരാടിസ്ഥാനത്തിൽ പ്രവാസികളിൽ നിന്ന് നിക്ഷേപങ്ങൾ സ്വീകരിക്കാം. അത്തരം നിക്ഷേപങ്ങൾക്ക് ലഭിക്കുന്ന പലിശ നിലവിലുള്ള വരുമാനം എന്ന നിലക്ക് ഭാരതത്തിന് പുറത്തേക്ക് പ്രത്യായനയേതരമാക്കുകയും ആവാം.

പുതിക്കിയ നിർദേശങ്ങൾ തങ്ങളുടെ ഘടകസ്ഥാപനങ്ങളുടെ ശ്രദ്ധയിൽ കൊണ്ട് വരണ മെന്ന് അംഗീകൃത ഡീലർമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

പി വി സദാനന്ദൻ
മാനേജർ

പത്രക്കുറിപ്പ് 2003-2004/1264